# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6346 — 03.04.2018-ൽ മറുപടിയ്ക്ക്

## നാട്ടരങ്ങ് എന്ന പേരിൽ സാംസ്കാരിക ഇടനാഴികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ഷാഫി പറമ്പിൽ :** | | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി** |
| (എ) തുറസ്സായ സ്ഥലങ്ങൾ ലഭ്യമായ ഗ്രാമങ്ങളിലും പട്ടണങ്ങളിലും 'നാട്ടരങ്ങ്' എന്ന പേരിൽ സാംസ്കാരിക ഇടനാഴികൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകമോ;<br><br>(ബി) ഇവയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; ബഡ്ജറ്റിൽ ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ? | (എ) & (ബി) | തീരുമാനിച്ചിട്ടുണ്ട്. ഈ പദ്ധതിയിലൂടെ കലാ സാംസ്കാരിക പ്രവർത്തനങ്ങൾക്ക് പൊതു ഇടങ്ങൾ ലഭ്യമല്ലാത്ത ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും സൗകര്യപ്രദങ്ങളായ പാതയോരങ്ങൾ കണ്ടെത്തി സാംസ്കാരിക ഇടനാഴികളായി വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു. സ്ഥല ലഭ്യതയ്ക്കനുസരിച്ച് ചെറിയ ഒരു സ്റ്റേജ്, ചമയ മുറി, ഇരിപ്പിട സൗകര്യങ്ങൾ എന്നിവ നിർമ്മിക്കുന്നതാണ്. പ്രസ്തുത പദ്ധതി സാംസ്കാരിക വകുപ്പും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും സംയുക്തമായി നടപ്പിലാക്കുന്നതാണ്. 2018-19 വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക ഡയറക്ടറേറ്റിന് പ്രസ്തുത പദ്ധതിയ്ക്കായി 50.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ